പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3485 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **വർദ്ധിച്ചു വരുന്ന അനാവശ്യ ധൂർത്തും ആഡംബര വിവാഹങ്ങളും** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ജെയിംസ് മാത്യു** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും ഇല്ലാതാക്കുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇത്തരം വിഷയങ്ങൾ നിയന്ത്രിക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദീകരിക്കാമോ; | (എ) ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും ഇല്ലാതാക്കുന്നതിന് സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ല. എന്നാൽ 1961 ൽ പാർലമെന്റിൽ പാസാക്കിയ സ്ത്രീധന നിരോധന നിയമം 2004 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. സ്ത്രീധനം നൽകുന്നതിനെയും, വിവാഹധൂർത്തിനെയും, നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള പരിപാടികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും വ്യാപക പ്രചരണം നടത്തുന്നുണ്ട്. എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനമായി ആചരിക്കുന്നുണ്ട്. സ്ത്രീധന നിരോധന നിയമം നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി 3 മേഖലാ ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിക്കുകയും അവരുടെ സേവനം ജനങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്നുണ്ട്.<br>ആഡംബര വിവാഹങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ശില്പശാലയും സെമിനാറുകളും നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി കലാലയ ജ്യോതി എന്ന പേരിൽ ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂൾ, കോളേജ് തലങ്ങളിലും നടത്തുന്നുണ്ട്. ഇതു കൂടാതെ പൊതുജനങ്ങൾക്കിടയിൽ ആഡംബര വിവാഹവും ധൂർത്തും നിയന്ത്രിക്കുന്നതിനുള്ള അവബോധം വളർത്തുന്നതിനായി പത്രം, ടി.വി, റേഡിയോ തുടങ്ങിയ മാധ്യമങ്ങളിൽ പരസ്യങ്ങളും നൽകിയിട്ടുണ്ട്. വനിതാ |

| | |
|---|---|
| | കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം നടത്തുന്ന വിവാഹപൂർവ്വ ബോധവൽക്കരണ ക്ലാസ്സുകളിൽ ആഡംബര വിവാഹവും ധൂർത്തും എങ്ങനെ നിയന്ത്രിക്കാം എന്ന വിഷയം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഷയത്തിൽ കേരള വനിതാ കമ്മീഷന്റെയോ, ദേശിയ വനിതാ കമ്മീഷന്റെയോ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ആയവ വിശദമാക്കാമോ;<br><br>(സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനത്തെ പ്രമുഖരായ രാഷ്ട്രീയ-സാമുദായിക-സാംസ്കാരിക സംഘടനകളുമായി സർക്കാർ കൂടിയാലോചന നടത്തിയിരുന്നോ; കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ അറിയിക്കാമോ; ഏതൊക്കെ സംഘടനകളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ ചുവടെ ചേർക്കും പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.<br>1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടി മാത്രമേ സാദ്ധ്യമാവുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.<br>2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അത് ഒന്നു മാത്രമായി ചുരുക്കി നിശ്ചയിക്കണം.<br>3. വിവാഹനിശ്ചയത്തിനും ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതി ഉണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.<br>4. വിവാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ എണ്ണം നിയന്ത്രിക്കണം. വിവാഹനിശ്ചയത്തിന് ഇത് 50 കുടുംബങ്ങൾ എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തു നിന്ന് 25 വീതം) വിവാഹത്തിന് 250 എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തു നിന്ന് 125 വീതം എന്നും) നിശ്ചയിക്കാവുന്നതാണ്.<br>5. വിവാഹത്തോടനുബന്ധിച്ചുണ്ടാവുന്ന ഓരോ ഇനം ചെലവുകളും നിയന്ത്രണ വിധേയമാക്കണം. ഓരോ ഇനത്തിലും എത്ര രൂപവരെ ചെലവാക്കാം എന്നത് താഴെ സൂചിപ്പിക്കുന്നു.<br>a. വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന്<br>: 25 രൂപ വരെ<br>b. വിവാഹപന്തൽ/ആഡിറ്റോറിയം വാടക<br>: 50,000/- രൂപ വരെ<br>ഇതിൽ കൂടുതൽ ചെലവാക്കിയാൽ<br>കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക<br>പെനാൽറ്റിയായി സർക്കാരിലേയ്ക്ക് അടയ്ക്കണം |

| | |
|---|---|
| | c. വിവാഹപന്തൽ/ആഡിറ്റോറിയം അലങ്കാരങ്ങളും വിവാഹ മണ്ഡപത്തിലെ ചടങ്ങുകളും<br>: 50,000/- രൂപ വരെ<br>d. വിവാഹസദ്യ ( ഒരാൾക്ക്)<br>: 150/- രൂപ വരെ<br>e. വധുവിന്റെ വസ്ത്രങ്ങൾക്ക്<br>: 20000/- രൂപ വരെ<br>f. വരന്റെ വസ്ത്രങ്ങൾക്ക്<br>: 15000/ രൂപ വരെ<br>g. വധുവിന് സ്വർണ്ണാഭരണങ്ങൾ<br>: 10 പവൻ വരെ<br>h. വരന് സ്വർണ്ണാഭരണങ്ങൾ(താലിമാല അടക്കം)<br>: 5 പവൻ വരെ<br>6. വിവാഹചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തു നിന്നും വധുവിന്റെ ഭാഗത്തും നിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം.<br>7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അത് സംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മത ആചാര്യൻ നൽകണമെന്ന് അനുശാസിക്കണം.<br>8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.<br>9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽ നിന്ന് മൊത്തം ചെലവിന്റെ 25% പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉണ്ടാവണം.<br>10. പൊന്നും പട്ടും ഉണ്ടായാലേ വിവാഹം ആവുന്നുള്ളൂ തുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം. |

| | |
|---|---|
| | കേരള വനിതാ കമ്മീഷൻ ശുപാർശ പ്രകാരം ആർഭാട വിവാഹങ്ങളും വിവാഹങ്ങളോട് അനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ, അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമ നിർമ്മാണം നടത്തുന്നതിനു മുൻപ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടത് എന്നതിനാൽ മത മേലദ്ധ്യക്ഷമാരുമായും, രാഷ്ട്രീയ കക്ഷികളുമായും, സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും, പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ